തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU HIS 8102

**എം. എ. ചരിത്രം**

# ചരിത്രരചനാവിജ്ഞാനീയം

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ജ്ഞാനോദയം
2. അനൽസ് ചരിത്രപ്രസ്ഥാനം
3. പെറി ആന്റേഴ്സൺ
4. ഘടനാവാദം
5. ലൂയി അൽത്തുസർ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഇബ്നുഖാൽദുന്റെ ചരിത്രരചനയുടെ സവിശേഷതകളെ പ്രതിപാദിക്കുക.
7. മധ്യകാല ചരിത്രരചനാരീതിയിൽ സെന്റ് അഗസ്റ്റിന്റെ സംഭാവനകളെ വിലയിരുത്തുക.
8. പോസിറ്റിവിസ്റ്റ് ചരിത്രരചനയ്ക്ക് അഗസ്റ്റെ കോംറ്റെയുടെ സംഭാവകളെ വിശദമാക്കുക.
9. ബർലിൻ വിപ്ലവം എന്തെന്ന് വിശദമാക്കുക.
10. നവചരിത്രവാദമെന്തെന്ന് പ്രതിപാദിക്കുക.
11. വെബേറിയൻ സിദ്ധാന്തത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
12. ചരിത്രരചനയ്ക്ക് തൂസിഡൈഡെസിന്റെ സംഭാവനകളെ വിലയിരുത്തുക.



13. ചരിത്രരചനയിലെ കാർലൈന്റെ കാഴ്ചപ്പാടുകളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. എഡ്വേർഡ് ഗിബണിന്റെ ചരിത്രസിദ്ധാന്തത്തെ വിമർശനാത്മം വിലയിരുത്തുക.
15. ചരിത്രരചനയിലെ ഹെഗലിന്റെ സംഭാവനകളെ വിശദമായി പ്രതിപാദിക്കുക.
16. മാർക്സിസം ചരിത്രരചനയിലുളവാക്കിയ സ്വാധീനത്തെ വിവരിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU HIS 8103

**എം. എ. ചരിത്രം**

# പ്രാചീന നാഗരികതകൾ

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഹൈറോഗ്ലിഫിക്സ്
2. ഹമ്മൂറാബിയുടെ നിയമസംഹിത
3. റേ അഥവാ റാ എന്നറിയപ്പെടുന്നത്
4. അഖ്നാട്ടൻ
5. ഗിൽഗമെഷീന്റെ ഇതിഹാസം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. സാഹിത്യം കല എന്നീ രംഗങ്ങളിൽ മെസപ്പൊട്ടാമിയൻകാരുടെ സംഭാവന എന്തെന്ന് വിവരിക്കുക.
7. ബാബിലോണിയൻ നിയമസംഹിത അറിയപ്പെടുന്നത് എങ്ങനെ? അതിന്റെ പ്രത്യേകതകൾ വിവരിക്കുക.
8. ഈജിപ്ഷ്യൻ സാമ്പത്തിക ഉൽപാദന ബന്ധങ്ങളെക്കുറിച്ച് വിവരിക്കുക.
9. സാങ്കേതിക വിദ്യയിലും വാസ്തുവിദ്യയിലും ചൈനയുടെ സംഭാവന എന്തെന്ന് വിശദമാക്കുക.
10. ചൈനയിലെ പ്രാചീന രാഷ്ട്രീയസ്ഥിതിഗതികൾ ചുരുക്കി വിവരിക്കുക.
11. ഈജിപ്ഷ്യൻ ഫറവോമാരുടെ ഭരണപരിഷ്ക്കാരങ്ങളെക്കുറിച്ച് ചുരുക്കി വിവരിക്കുക.



12. ബാബിലോണിയൻ സംസ്കാരത്തിന്റെ പുനരുദ്ധാരണം എങ്ങനെ സംഭവിച്ചു? വിശദീകരിക്കുക.
13. ഈജിപ്റ്റിൻ വാസ്തുവിദ്യശൈലിയുടെ പ്രത്യേകതകൾ എന്തൊക്കെ?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഈജിപ്ഷ്യൻ നാഗരികത നൈൽ നദിയുടെ വരദാനമാണ്? പരിശോധിക്കുക.
15. മെസോപ്പൊട്ടാമിയൻ സംസ്കാരങ്ങളുടെ പ്രത്യേകതകൾ എന്തൊക്കെ? വിശദീകരിക്കുക.
16. ലോക സാംസ്കാരിക അഭിവൃദ്ധിയിൽ ചീനാ നാഗരികതകളുടെ സംഭാവനകൾ എന്തൊക്കെ? വിവരിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU HIS 8104

**എം. എ. ചരിത്രം**

# പ്രാചീന ഇന്ത്യ
# സംസ്കാരങ്ങളും സമൂഹരൂപീകരണവും

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഫാഹിയാൻ
2. ഇൻഡിക
3. ചന്ദ്രഗുപ്ത വിക്രമാദിത്യ
4. അജാതശത്രു
5. ഷഡ്ദർശനങ്ങൾ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ആര്യന്മാരുടെ വരവിനെ സംബന്ധിക്കുന്ന സൈദ്ധാന്തിക വീക്ഷണങ്ങളെക്കുറിച്ചെഴുതുക.
7. സിന്ധുനദീതടസംസ്കാരത്തിലുണ്ടായിരുന്ന നഗരാസൂത്രണപദ്ധതികളെക്കുറിച്ച് പ്രതിപാദിക്കുക.
8. പുരാതനശിലായുഗത്തിൽ നിന്നും നവീനശിലായുഗത്തിലേയ്ക്ക് എത്തുമ്പോഴുള്ള മാറ്റങ്ങളെ പ്രതിപാദിക്കുക.
9. വേദകാലസാഹിത്യകൃതികളുടെ സവിശേഷതകളെന്തെല്ലാം?
10. രണ്ടാം നഗരവത്ക്കരണത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
11. അലക്സാണ്ടറുടെ ആക്രമണത്തിന്റെ പരിണിതഫലങ്ങളെക്കുറിച്ചെഴുതുക.



12. മഗധയുടെ വളർച്ചയ്ക്ക് വഴിതെളിയിച്ച കാരണങ്ങളെന്തെല്ലാം?
13. ഹർഷവർദ്ധനന്റെ ഭരണനേട്ടങ്ങളെക്കുറിച്ചെഴുതുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. അശോകന്റെ ഭരണപരിഷ്കാരങ്ങൾ മൗര്യ സാമ്രാജ്യത്തിലുണ്ടാക്കിയ മാറ്റങ്ങളെ വിമർശനാത്മകം വിലയിരുത്തുക.
15. ജൈനബുദ്ധമതങ്ങൾ ഇന്ത്യയിൽ ഉത്ഭവിക്കാനുണ്ടായ കാരണങ്ങളെ നിരീക്ഷിച്ചെഴുതുക.
16. ഏതർത്ഥത്തിലാണ് ഗുപ്ത ഭരണകാലം സുവർണ്ണകാലമായി പരിഗണിക്കപ്പെടുന്നതെന്ന് വിശദീകരിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU HIS 8105

**എം. എ. ചരിത്രം**

**കേരളം ചരിത്രം ഭാഗം - 1**

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. എട്ടുത്തൊകൈ
2. ബ്രാഹ്മി
3. ആര്യ എഴുത്ത്
4. മെഡിറ്ററേനിയൻ കുടിയേറ്റക്കാർ
5. ഓണത്തെക്കുറിച്ച് പരാമർശിക്കുന്ന സംഘ കൃതി

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. സമുദ്രം എങ്ങനെ കേരള സമൂഹ രൂപീകരണത്തിനുസഹായിച്ചു വിശദീകരിക്കുക.
7. കേരളത്തിലെ പ്രാക് ചരിത്ര നിർമ്മിതിയെ സഹായിക്കുന്ന പ്രധാന പഠനശാഖകൾ ഏതെല്ലാം? അവ എപ്രകാരം ചരിത്ര നിർമ്മിതിക്ക് സഹായിക്കുന്നു?
8. മഹാശിലാ കാലഘട്ടത്തിലെ സാങ്കേതിക വിദ്യയുടെ പ്രത്യേകതകൾ എന്തൊക്കെയെന്ന് എഴുതുക.
9. ദ്രാവിഡ ഭാഷാ ഭേദങ്ങളെക്കുറിച്ചും അവയുടെ പരിണാമദശകളെക്കുറിച്ചും മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.
10. എന്താണ് തിണ സങ്കൽപം? അവയുടെ പ്രത്യേകതകൾ എന്തെല്ലാം?
11. പഴന്തമിഴ് കാലഘട്ടത്തിലെ സാമൂഹ്യ - സാംസ്കാരിക ജീവിത പശ്ചാത്തലത്തെക്കുറിച്ച് വിശദീകരിക്കുക?



12. പഴന്തമിഴ് പാട്ടുകളിൽ കാണപ്പെടുന്ന കേരളത്തിലെ പ്രാചീന രാഷ്ട്രീയ വ്യവസ്ഥിതിയെക്കുറിച്ച് വിവരിക്കുക.
13. കേരളത്തിന്റെ സമൂഹരൂപീകരണത്തിൽ ശ്രമണ സംസ്കാരത്തിന്റെ സ്വാധീനം എപ്രകാരമായിരുന്നു എന്ന് വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്തൊക്കെ? അവ എങ്ങിനെ കേരള ചരിത്രത്തെ സ്വാധീനിച്ചു വിശദമാക്കുക.
15. കേരളത്തിലെ പ്രധാന മഹാശിലാസ്മാരകങ്ങൾ ഏതൊക്കെ? അവ എപ്രകാരം കേരളചരിത്ര രചനയെ സഹായിക്കുന്നു? ചർച്ച ചെയ്യുക.
16. പ്രാചീന കേരളത്തിലെ കര കടൽ വാണിജ്യത്തിന്റെ പ്രത്യേകതകൾ പരിശോധിക്കുക?

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU HIS 8206

**എം. എ. ചരിത്രം**

# ചരിത്രരചനപദ്ധതി

സമയം: 3 മണിക്കൂർ                                        മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഗ്രന്ഥസൂചി
2. ആശയമോഷണം
3. മിത്തുകൾ എന്നാലെന്ത്?
4. കാർഡ് സമ്പ്രദായം
5. പദവിവരണം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ചരിത്രഗവേഷണത്തിൽ സാഹിത്യ പ്രമാണങ്ങളുടെ പങ്ക് പരിശോധിക്കുക.
7. പരികല്പന എന്നാലെന്ത്?
8. വാമൊഴി പ്രമാണങ്ങൾക്ക് പാർശ്വവല്കൃത സമൂഹങ്ങളെക്കുറിച്ചുള്ള ചരിത്രരചനയിൽ ഉള്ള പങ്കിനെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.
9. ഗവേഷണത്തിൽ അടിക്കുറിപ്പുകളുടെ പ്രാധാന്യം പരിശോധിക്കുക.
10. ഗവേഷണത്തിൽ സാമാന്യവല്ക്കരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
11. മുൻപഠനങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ ഗവേഷകന് ഗവേഷണത്തിൽ എത്രത്തോളം സഹായകരമാണ് എന്ന് വ്യക്തമാക്കുക.



12. പ്രമാണ പരിശോധിനയിൽ ബാഹ്യവിമർശനത്തിന്റെ പ്രസക്തി പരിശോധിക്കുക.
13. ഗവേഷണത്തിലെ ബഹുവിഷയ-വിഷയാന്തരീയ സമീപനം ചരിത്രരചനയിൽ കൊണ്ടുവന്ന മാറ്റങ്ങൾ വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ചരിത്രഗവേഷണത്തിൽ പുരാവസ്തു പ്രമാണങ്ങളുടെ പങ്ക് പരിശോധിക്കുക.
15. ആന്തരവിമർശനം എന്നാലെന്ത്? ചരിത്രഗവേഷണത്തിൽ ആന്തരവിമർശനം എത്രത്തോളം പ്രധാനപ്പെട്ടതാണ് എന്ന് വിലയിരുത്തുക.
16. ചരിത്രരചനയിൽ വസ്തുനിഷ്ഠതക്കുള്ള പങ്കിനെ ഉദാഹരണസഹിതം വിശദമാക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU HIS 8207

**എം. എ. ചരിത്രം**

# ലോകചരിത്രം:
## നാഗരികതകളിൽ നിന്നു സാമ്രാജ്യങ്ങളിലേക്ക്

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഗ്രീക്ക് സംസ്കാരത്തിന്റെ മൂന്നു പ്രധാനപ്പെട്ട കാല ഘട്ടങ്ങൾ ഏതൊക്കെ?
2. ഹോമർ ആരായിരുന്നു?
3. റോമൻ റിപ്പബ്ലിക്കിന്റെ പ്രധാനപ്പെട്ട മൂന്ന് ഭാഗങ്ങൾ ഏതൊക്കെയാണ്?
4. ഉമയ്യദ് രാജവംശം സ്ഥാപിച്ചത് ആരാണ്?
5. ഗിൽഡുകൾ എന്നാൽ എന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. മധ്യകാല സർവ്വകലാശാലകളുടെ ഉദയത്തെപ്പറ്റി വിശകലനം ചെയ്യുക.
7. റോമൻ റിപ്പബ്ലിക്കിന്റെ ആശയം വ്യക്തമാക്കുക.
8. ഫ്യൂഡൽ വ്യവസ്ഥയുടെ രാഷ്ട്രീയ പ്രാധാന്യം എന്താണ്?
9. മധ്യകാല യൂറോപ്പ് വ്യാപാരത്തിനായി എന്തു മാർഗ്ഗമാണ് ഉപയോഗിച്ചത്?
10. ഗ്രീക്ക് നഗര സംസ്ഥാനങ്ങൾക്കും പൊതുവായുള്ള മൂന്നു സവിശേഷതകൾ എന്തൊക്കെയാണ്?
11. ഖാലിഫേറ്റ് എന്നാൽ എന്ത്?



12. നവോത്ഥാനകലയുടെ പ്രത്യേകത എന്ത്?
13. ഹ്യൂമനിസത്തിന്റെ പ്രാധാന്യം എന്ത്?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. മധ്യകാല യൂറോപ്പിലെ ഫ്യൂഡലിസത്തിന്റെ വളർച്ച എന്തെന്ന് വിശദമാക്കുക.
15. ആഫ്രിക്കൻ സംസ്കാരങ്ങളെപ്പറ്റി വിവരിക്കുക.
16. നവോത്ഥാനം ആധുനിക ലോകത്തെ എങ്ങനെ സ്വാധീനിച്ചുവെന്ന് വ്യക്തമാക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU HIS 8208

**എം. എ. ചരിത്രം**

# മധ്യകാല ഇന്ത്യ: സമീപനം, പരിപ്രേഷ്യം

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. നായങ്കര ഭരണസംവിധാനം
2. 'സിൽസില'
3. ഒന്നാം പാനിപ്പത്ത് യുദ്ധം
4. 'അഷ്ടപ്രധാൻ'
5. ഇബാദത്ത് ഖാന

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഷേർഷായുടെ റവന്യൂപരിഷ്കാരം പഠനവിധേയമാക്കുക.
7. സൂഫിസം മധ്യകാല ഇന്ത്യയിൽ ചെലുത്തിയ സ്വാധീനം പരിശോധിക്കുക.
8. പല്ലവന്മാരുടെ സാമ്പത്തിക രംഗത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
9. മധ്യകാല ഇന്ത്യയിലെ സംഗീതത്തിന്റെ പ്രത്യേകതകൾ അപഗ്രഥിക്കുക.
10. അലാവുദ്ദീൻ ഖിൽജിയുടെ കമ്പോളപരിഷ്കാരം വിശദീകരിക്കുക.
11. മുഗൾ സാമ്രാജ്യത്തിന്റെ തകർച്ചയുടെ കാരണങ്ങൾ പരിശോധിക്കുക.



12. മധ്യകാല ഇന്ത്യയിലെ സാഹിത്യരംഗത്തിന്റെ പ്രത്യേകതകൾ വിലയിരുത്തുക.
13. പേഷ്വമാരുടെ കീഴിലുള്ള മറാത്താ ഭരണസംവിധാനം വിശദമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. മധ്യകാല ഭക്തിപ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.
15. ചോളന്മാരുടെ ഭരണസംവിധാനത്തെ അപഗ്രഥിച്ച് വ്യത്യസ്ത നിരീക്ഷണങ്ങൾ വിലയിരുത്തുക.
16. മുഗൾ വാസ്തു ശില്പ ശൈലിയുടെ പ്രത്യേകതകൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU HIS 8209

**എം. എ. ചരിത്രം**

## ഭാരതീയ ചരിത്രരചനാവിജ്ഞാനീയം

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. മുഷകവംശകാവ്യം
2. അബുൾഫസൽ
3. ജെയിംസ് മിൽ
4. എ. ആർ. ദേശായി
5. സനൽ മോഹൻ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. പ്രാചീന ഭാരതത്തിലെ ചരിത്രബോധം ചരിതങ്ങളും കാവ്യങ്ങളും മുൻനിർത്തി വിശകലനം ചെയ്യുക.
7. സുൽത്താനേറ്റ് കാലത്തെ ചരിത്രരചനയെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
8. പൗരസ്ത്യവാദ സമീപനത്തെ രൂപപ്പെടുത്തുന്നതിൽ ഏഷ്യാറ്റിക് സൊസൈറ്റി വഹിച്ച പങ്കിനെ വിലയിരുത്തുക.
9. ഡി.ഡി. കൊസാംബിയുടെ ചരിത്രപരിപ്രേക്ഷ്യത്തെ നിർവചിക്കുക.
10. രണജിത് ഗുഹ, പാർത്ഥാചാറ്റർജി എന്നീ ചരിത്രകാരന്മാരുടെ സംഭാവനകൾ ചരിത്രപഠനത്തിൽ കൊണ്ടുവന്ന പ്രവണതകളെ വിശദമാക്കുക.



11. പ്രാദേശിക ചരിത്രപഠനത്തെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
12. സുമിത് സർക്കാറിന്റെ ചരിത്രപഠനങ്ങളെ വിമർശനാത്മകമായി സമീപിക്കുക.
13. കെ. എ. നീലകണ്ഠ ശാസ്ത്രിയുടെ ചരിത്രപഠനങ്ങളെ വിലയിരുത്തുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഭാരതീയ സമൂഹം ചരിത്രാവബോധമില്ലാത്ത ഒന്നായിരുന്നുവെന്ന കൊളോണിയൽ വാദത്തെ അംഗീകരിക്കാമോ? വിശകലനം ചെയ്യുക.
15. പൗരസ്ത്യവാദ ചരിത്രരചനാ രീതിയുടെ സവിശേഷതകൾ വിശകലനം ചെയ്യുക.
16. സ്ത്രീപക്ഷചരിത്ര രചനാപാരമ്പര്യത്തെ വിലയിരുത്തുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU HIS 8210

**എം. എ. ചരിത്രം**

**കേരളചരിത്രം ഭാഗം - 2**

സമയം: 3 മണിക്കൂർ　　　　മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ജൂതശാസനം
2. മൂഴിക്കളം കച്ചം
3. മാമാങ്കം
4. അരിയിട്ടുവാഴ്ച
5. സംഗ്രമ മാധവൻ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. പട്ടണം ഉത്ഖനനത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക
7. പൂർവ്വ മധ്യകാല കേരളത്തിലെ ക്ഷേത്രകേന്ദ്രീകൃത അധികാരഘടന വിശകലനം ചെയ്യുക.
8. കോലത്തുനാട് സ്വരൂപത്തെ കുറിച്ച് ഒരു പഠനം തയ്യാറാക്കുക.
9. പെരുമാൾ കാലത്തെ കച്ചവട ചരിത്രം സംഗ്രഹിക്കുക.
10. മധ്യകാല കേരളത്തിൽ കുന്നലക്കോനാതിരിയുടെ രാഷ്ട്രീയ പ്രാധാന്യം വ്യക്തമാക്കുക.
11. കേരളത്തിന്റെ വാസ്തു വിദ്യാപാരമ്പര്യത്തെ വിലയിരുത്തുക.



12. മണിപ്രവാള സാഹിത്യകൃതികൾ കേരള ചരിത്രപഠനത്തിന് സഹായകമാകുന്ന സാഹിത്യ ലക്ഷ്യങ്ങൾ ആണോ? സമർത്ഥിക്കുക.
13. മധ്യകാല ഉത്പാദന ബന്ധങ്ങളിൽ കാരാളരുടെ സ്ഥാനത്തെ അടയാളപ്പെടുത്തുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കേരളചരിത്രപഠനത്തിന് സഹായകമാകുന്ന ലിഖിത ഉപാദാനങ്ങളെ വിശദീകരിക്കുക.
15. ബ്രാഹ്മ കുടിയേറ്റവും ക്ഷേത്രകേന്ദ്രീകൃത സമ്പദ് വ്യവസ്ഥയും മധ്യകാല കേരള സംസ്കാരത്തെ രൂപപ്പെടുത്തിയതെങ്ങനെ? ചർച്ച ചെയ്യുക.
16. നാടുവാഴി സ്വരൂപങ്ങളുടെ രാഷ്ട്രീയ ഘടനയെ വിശകലനം ചെയ്യുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU HISC 8311

## എം. എ. ചരിത്രപഠനം

## ആധുനിക പാശ്ചാത്യലോകം:
### ജനാധിപത്യത്തിന്റെ വളർച്ചയും മനുഷ്യാവകാശ പ്രവർത്തനങ്ങളും

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ശീതസമരം
2. വിപ്ലവങ്ങളുടെ വിപ്ലവം
3. ജോർജ്ജ് വാഷിങ്ടൺ
4. ബൂർഷ്വാസി
5. മുതലാളിത്തം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ബാസ്റ്റിൽ കോട്ടയുടെ പതനത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തൊക്കെയാണ്?
7. വ്യാവസായ വിപ്ലവം സാധ്യമാക്കിയ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളെക്കുറിച്ച് വിശദീകരിക്കുക.
8. ബ്രിട്ടന്റെ അടിച്ചമർത്തൽ നയങ്ങളോടുള്ള അമേരിക്കൻ കോളനി നിവാസികളുടെ പ്രതികരണങ്ങളെക്കുറിച്ചെഴുതുക.
9. എന്തൊക്കെയാണ് വേഴ്സായി ഉടമ്പടിയിലെ പ്രധാന വ്യവസ്ഥകൾ?
10. ഫ്രാൻസിലെ വിപ്ലവ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിൽ യൂറോപ്പിലെ ജ്ഞാനോദയ പ്രസ്ഥാനത്തിനുള്ള പങ്ക് വിശദമാക്കുക?
11. അമേരിക്കൻ ചരിത്രത്തിൽ തോമസ് ജഫേഴ്സണുള്ള സ്ഥാനത്തെക്കുറിച്ച് എഴുതുക.



12. ഒന്നാം ലോക മഹായുദ്ധത്തിലേയ്ക്ക് നയിച്ച സംഭവ വികാസങ്ങൾ എന്തൊക്കെ?
13. എന്താണ് ബോൾഷെവിക് വിപ്ലവം? പ്രധാന സംഭവ വികാസങ്ങൾ എഴുതുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഫ്രഞ്ച് വിപ്ലവത്തിൽ നിർണ്ണായക പങ്ക് വഹിച്ച നാല് സ്ഥാപനങ്ങളാണ്, നാഷണൽ അസംബ്ലി, ലെജിസ്ലേറ്റീവ് അസംബ്ലി, നാഷണൽ കൺവെൻഷൻ, ഡയറക്ടറി എന്നിവ. ഇവ ഓരോന്നിന്റെയും പ്രവർത്തനത്തെക്കുറിച്ച്, നേട്ടങ്ങളെക്കുറിച്ച് വ്യക്തമാക്കുക.
15. തീവ്രദേശീയവാദം ഉയർത്തുന്ന വെല്ലുവിളികൾ ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളുടെ പശ്ചാത്തലത്തിൽ വിവരിക്കുക.
16. വ്യാവസായ വിപ്ലവത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിശദീകരിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU HIS 8312

**എം. എ. ചരിത്രപഠനം**

# ആധുനിക ഇന്ത്യ: കോളനിവാഴ്ച, നവോത്ഥാനം, ദേശീയപ്രസ്ഥാനം

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. പ്ലാസി യുദ്ധം
2. ചോർച്ചാ സിദ്ധാന്തം
3. ഹോം റൂൾ ലീഗ്
4. എ.ഒ. ഹ്യൂം
5. ക്ഷേത്ര പ്രവേശന വിളംബരം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. വ്യാവസായിക വിപ്ലവത്തിന്റെ പരിണിതഫലങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
7. കർണ്ണാട്ടിക് യുദ്ധങ്ങളെക്കുറിച്ചെഴുതുക.
8. തിയോസഫിക്കൽ സൊസൈറ്റിയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
9. വെല്ലസ്ലി പ്രഭുവിന്റെ സൈനിക സഹായ വ്യവസ്ഥയെക്കുറിച്ച് എഴുതുക.
10. റയറ്റ്വാരി സമ്പ്രദായത്തെക്കുറിച്ച് എഴുതുക.
11. പതിനെട്ടാം നൂറ്റാണ്ടിലെ ഇന്ത്യയെ സംബന്ധിച്ച സൈദ്ധാന്തിക വീക്ഷണങ്ങളെക്കുറിച്ചെഴുതുക.
12. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ സ്വഭാവം എന്തായിരുന്നുവെന്ന് എഴുതുക.
13. 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിനെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.



**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഇന്ത്യയിലെ സാമൂഹിക-നവീകരണ പ്രസ്ഥാനങ്ങളെ വിശദമായി പ്രതിപാദിക്കുക.
15. ഇന്ത്യൻ സ്വാതന്ത്ര്യസമരകാല പ്രവർത്തനങ്ങളെ വിശദമായി പരിശോധിക്കുക.
16. ഇന്ത്യയിലെ കാർഷിക വിപ്ലവങ്ങളെക്കുറിച്ച് വിവരിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU HIS 8313

**എം. എ. ചരിത്രപഠനം**

## കേരളം ചരിത്രം :
## സാമൂഹ്യപരിഷ്കരണവും ദേശീയപ്രസ്ഥാനവും

സമയം: 3 മണിക്കൂർ | മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഉപ്പിന്റെ രാഷ്ട്രീയം
2. വൈദ്യുതി സമരം
3. സർ. സി.പി
4. അക്കാമ്മ ചെറിയാൻ
5. പട്ടു മരക്കാർ (പട മരക്കാർ)

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. 'ആധുനിക സ്ത്രീ സമൂഹത്തിന്റെ സൃഷ്ടിയിൽ അധിനിവേശ ആശയസംഹിതകൾ വൈരുദ്ധ്യാത്മകത സൃഷ്ടിച്ചിട്ടുണ്ട്'. ഈ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?
7. കുഞ്ഞാലി മരക്കാർ–പോർത്തുഗീസ് സംഘർഷങ്ങളിലെ രാഷ്ട്രീയ–സാമ്പത്തിക ധാരകൾ തിരിച്ചറിയുക.
8. മലയാളി മെമ്മോറിയൽ, കൗണ്ടർ മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ തുടങ്ങിയവയുടെ പരിവർത്തനാത്മകതയുടെ ചരിത്രം വിമർശനാത്മകമായി വിലയിരുത്തുക.
9. ശ്രീനാരായണഗുരു ദർശനങ്ങളെ സമകാലിക കേരള സമൂഹത്തെ മുൻനിർത്തി വിമർശനാത്മകമായി വിലയിരുത്തുക.
10. അറയ്ക്കൽ കുടുംബചരിത്രം കേരള ചരിത്രത്തിലെ ഒരു സുപ്രധാന ഏടായി ചരിത്രകാരന്മാർ തിരിച്ചറിയുന്നു. എന്തുകൊണ്ട്?



11. 'കാർഷിക മേഖലയിലെ പോർത്തുഗീസ് സംഭാവനകൾ സ്തുത്യർഹമാണ്'. വിശദീകരിക്കുക.
12. 'കോളനിവത്കരണം കേരളത്തെ പടിഞ്ഞാറൻ സാംസ്കാരിക ആധിപത്യത്തിലേക്ക് നയിച്ചു' -ഈ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?
13. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കേരളത്തിലെ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങൾ തിരിച്ചറിയുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. മലബാർ, തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളിലെ ദേശീയ പ്രസ്ഥാനങ്ങളുടെ വ്യത്യാസങ്ങളും സാമ്യങ്ങളും തിരിച്ചറിയുക.
15. ആധുനിക കേരള നിർമ്മിതിയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ പങ്ക് വിലയിരുത്തുക.
16. കേരളത്തിന്റെ ജാതി, ജന്മി വ്യവസ്ഥകളിലൂന്നിയ സാമൂഹിക ക്രമത്തിൽനിന്നും ആധുനികതയിലേക്കുള്ള ചരിത്രപരമായ പ്രയാണത്തെ വിമർശനാത്മകമായി വിലയിരുത്തുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU HIS 8315

**എം. എ. ചരിത്രപഠനം**

# പ്രാദേശിക ചരിത്രരചന
# ചരിത്രം, സിദ്ധാന്തം

സമയം: 3 മണിക്കൂർ | മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. എന്താണ് കോറോഗ്രാഫിക് പാരമ്പര്യം?
2. കാർട്ടോഗ്രാഫി എന്നാൽ എന്ത്?
3. ദി മേക്കിങ് ഓഫ് ദി ഇംഗ്ലീഷ് ലാൻഡ്സ്കേപ്പ് ആരുടെ കൃതിയാണ്?
4. ഹൺഡ്രഡ്സ് എന്തെന്ന് വിശദീകരിക്കുക.
5. ആധുനിക പ്രാദേശിക ചരിത്രത്തിന്റെ പിതാവ് ആര്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ബ്രോഡലിന്റെ ടോട്ടൽ ഹിസ്റ്ററി സിദ്ധാന്തം വിവരിക്കുക.
7. സൂക്ഷ്മ ചരിത്രവും പ്രാദേശിക ചരിത്രവും തമ്മിലുള്ള വ്യത്യാസം പരിശോധിക്കുക.
8. എന്താണ് ലാൻഡ്സ്കേപ്പ് ചരിത്രം?
9. നിങ്ങളുടെ പ്രദേശത്തിന്റെ സ്ഥലനാമ ചരിത്രം ചുരുക്കി വിവരിക്കുക.
10. ഹോസ്കിൻസിന്റെ സംഭാവനകളെ ചുരുക്കി വിവരിക്കുക.
11. വില്യം കാംഡൻ നടത്തിയിട്ടുള്ള പഠനങ്ങൾ എപ്രകാരം പ്രാദേശിക ചരിത്രരചനയെ സ്വാധീനിച്ചു.
12. പ്രാദേശിക ചരിത്ര പഠനവുമായി ബന്ധപ്പെട്ട് നിങ്ങൾ നടത്തിയിട്ടുള്ള മേഖലാ പ്രവർത്തനത്തെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കുക.



13. പ്രാദേശിക ചരിത്ര രചനയിൽ ഭൂമിശാസ്ത്രത്തിന്റെ പ്രാധാന്യമെന്ത്? ചർച്ച ചെയ്യുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. പ്രാദേശിക ചരിത്ര രചനക്ക് ആവശ്യമായ പ്രധാനപ്പെട്ട പ്രമാണ സാമഗ്രികൾ ഏതെല്ലാം? വിശദീകരിക്കുക.
15. കേരള ചരിത്ര രചനയിൽ പ്രാദേശിക ചരിത്രം എഴുതുന്നതിനുള്ള ആദ്യകാല ശ്രമങ്ങളെ വിമർശനാത്മകമായി വിശദീകരിക്കുക.
16. പ്രാദേശിക ചരിത്ര രചനാ പദ്ധതിയിൽ അനാൽ സ്കൂളിന്റെ പങ്ക് എന്തെന്ന് വിശദീകരിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MU HIS C 8417

**എം. എ. ചരിത്രപഠനം**

# സമകാലിക കേരളം

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി
2. മയിലമ്മ
3. സുഗതകുമാരി
4. വനമഹോത്സവം
5. സി. അച്യുതമേനോൻ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. സംസ്ഥാന വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുക.
7. വിമോചന സമരം കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ രംഗത്ത് വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ്?
8. ഗൾഫ് കുടിയേറ്റം കേരളീയ സംസ്കാരത്തിൽ വരുത്തിയ മാറ്റങ്ങൾ വിശദീകരിക്കുക.
9. കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക.
10. ക്വാറികളുടെ പ്രവർത്തനം കേരളത്തിന്റെ പരിസ്ഥിതിക്ക് ഭീഷണിയാകുന്നതെങ്ങനെയെന്ന് വിശദമായി പരിശോധിക്കുക.
11. കേരളത്തിന്റെ പൊതുജനാരോഗ്യ രംഗത്തിന്റെ വളർച്ചയും പോരായ്മയും വിമർശനാത്മകമായി വിവരിക്കുക.



12. കേരള യുക്തിവാദി സംഘത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുക.
13. വനസംരക്ഷണത്തിനായി കേരള സർക്കാർ നടത്തുന്ന പദ്ധതികളെപ്പറ്റി വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. തിരുവിതാംകൂറിൽ നിന്നും മലബാറിലേക്കുള്ള കുടിയേറ്റം മലബാറിന്റെ കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ വിവരിക്കുക.
15. പശ്ചിമഘട്ട സംരക്ഷണത്തിനായി കൊണ്ടുവന്ന ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകൾ വിമർശനാത്മകമായി വിലയിരുത്തുക.
16. കേരളത്തിലെ ആദിവാസി ഭൂസമരങ്ങളുടെ പശ്ചാത്തലം പരിശോധിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MU HIS C 8418

**എം. എ. ചരിത്രപഠനം**

# ഇന്ത്യയിലെ ലിംഗബോധ നിർമ്മിതിയുടെ ചരിത്രം

സമയം: **3** മണിക്കൂർ മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ലീലാ ദുബെ
2. മുത്തുലക്ഷ്മി റെഡ്ഡി
3. ഗാർഹിക പീഢന നിരോധന നിയമം.
4. നിയോഗ
5. ഉമാ ചക്രവർത്തി

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. 'സ്ത്രീകൾ ചരിത്രത്തിൽ അദൃശ്യരാണ്' എന്തുകൊണ്ട്?
7. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ച സ്ത്രീ പോരാളികളെക്കുറിച്ച് എഴുതുക.
8. ബലാത്സംഗ കേസുകളിലെ വിചാരണയെക്കുറിച്ചുള്ള പ്രതീക്ഷാ ബക്സിയുടെ നിരീക്ഷണങ്ങൾ വിലയിരുത്തുക.
9. ഇന്ത്യൻ സ്ത്രീകളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സാവിത്രി ഫൂലെയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിവരിക്കുക.
10. എന്താണ് സതി? ഇന്ത്യയിൽ സതി നിർത്തലാക്കാനുള്ള പശ്ചാത്തലം പരിശോധിക്കുക.
11. മധ്യകാല ഇന്ത്യയിലെ സന്യാസിനി പാരമ്പര്യത്തെ അപഗ്രഥിച്ചെഴുതുക.



12. 'സ്ത്രീ പങ്കാളിത്തമാണ് ചിപ്കോ പ്രസ്ഥാനത്തിന്റെ വിജയം' -വിശദമാക്കുക.
13. ദേവദാസി സമ്പ്രദായത്തെപ്പറ്റി വിമർശനാത്മകമായി വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. എന്താണ് പാരിസ്ഥിതിക സ്ത്രീവാദം? ഇന്ത്യയിലെ പാരിസ്ഥിതിക സ്ത്രീവാദ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുക.
15. പത്തൊമ്പതാം നൂറ്റാണ്ടിലെ മത-സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ കൈക്കൊണ്ട സ്ത്രീപക്ഷ നിലപാടുകളെ വിമർശനാത്മകമായി വിലയിരുത്തുക.
16. ഇന്ത്യയിലെ തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണ്?

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MU HIS E 8420

**എം. എ. ചരിത്രം**

# പകർച്ചവ്യാധികളും പാശ്ചാത്യവൈദ്യവും

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഗാലൻ
2. ഡോ. രാംസെ
3. ഡോ.പി. പൽപ്പു
4. ഉഷ്ണമേഖലാ രോഗങ്ങൾ
5. ഗോവസൂരി

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. പകർച്ചവ്യാധികൾക്കെതിരെ തിരുവിതാംകൂറിൽ നടന്ന ചെറുത്തുനിൽപ്പ് ശ്രമങ്ങൾ വിശദീകരിക്കുക.
7. വൈദ്യശാസ്ത്രരംഗത്തിന് ഹിപ്പോക്രേറ്റസ് നൽകിയ സംഭാവനകൾ വിലയിരുത്തുക.
8. വാണിജ്യയുഗത്തിലെ വൈദ്യരംഗത്തിന്റെ വളർച്ചയെ വിമർശനാത്മകമായി പരിശോധിക്കുക.
9. യൂറോപ്പിലെ സാമൂഹ്യമാറ്റത്തിന് മഹാമാരികൾ എപ്രകാരമാണ് കാരണമായത് എന്ന് അപഗ്രഥിക്കുക.
10. കേരളത്തിലെ വസൂരി നിർമ്മാർജ്ജന പ്രവർത്തനങ്ങളെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.
11. പാശ്ചാത്യവൈദ്യത്തിന്റെ കടന്നുവരവ് ഇന്ത്യയിലെ തദ്ദേശീയ ചികിത്സാരീതികളെ ബാധിച്ചതെങ്ങനെയെന്ന് വ്യക്തമാക്കുക.
12. തദ്ദേശീയ ഇന്ത്യൻ ചികിത്സാ സമ്പ്രദായത്തിൽ മത വിശ്വാസങ്ങൾ സ്വാധീനം ചെലുത്തിയിരുന്നോ എന്ന് വിശദമാക്കുക.
13. അപകോളനീകരണ കാലഘട്ടത്തിൽ പകർച്ചവ്യാധികൾക്കെതിരെ ആഗോളതലത്തിൽ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങൾ സംഗ്രഹിച്ചെഴുതുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ബ്രിട്ടീഷ് അധിനിവേശ ഇന്ത്യയിലെ മഹാമാരികളുടെ വ്യാപനവും അതിനെതിരെയുള്ള ചെറുത്തുനിൽപ്പ് ശ്രമങ്ങളും വിമർശനാത്മകമായി വിലയിരുത്തുക.
15. പാശ്ചാത്യവൈദ്യത്തിന്റെ കടന്നുവരവും മിഷനറിമാരുടെ പ്രവർത്തനങ്ങളും കേരളത്തിന്റെ ആരോഗ്യ രംഗത്ത് മാറ്റങ്ങളുണ്ടാക്കിയത് ഉദാഹരണസഹിതം വിശദീകരിക്കുക.
16. മഹാമാരികളുടെ വ്യാപനത്തോത്, കോളനിവൽക്കരണ പ്രക്രിയയിലൂടെ ത്വരിതഗതിയിലാകുന്നതിന് കാരണമായിത്തീർന്നിട്ടുണ്ടോ എന്ന് ചർച്ച ചെയ്യുക.

*****